"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ ശ്രീമതി. ഒലീന എ.ജി യുടെ രാജി അംഗീകരിച്ചുകൊണ്ടും പുതിയ ഡയറക്ടറെ നിയമിക്കുന്നത് വരെ പ്രസ്തുത സ്ഥാപനത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് ഡയറക്ടറുടെ ചാർജ്നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1103/2026/LSGD തീയതി,തിരുവനന്തപുരം, 07-06-2026

---

പരാമർശം:-

1. 04.06.2022-ലെ സ.ഉ (സാധാ) നം.3403/2022/GEDN നമ്പർ ഉത്തരവ്.
2. 08.02.2025-ലെ സ.ഉ (സാധാ) നം.394/2025//LSGD നമ്പർ ഉത്തരവ്
3. 07.03.2026- ലെ സ.ഉ (സാധാ) നം.626/2026/LSGD നമ്പർ ഉത്തരവ്.
4. കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറായ ശ്രീമതി. ഒലീന എ.ജി യുടെ 18.05.2026 ലെ എ2-2360/22/കെ.എസ്.എൽ.എം.എ നമ്പർ രാജി കത്ത്.

**<u>ഉത്തരവ്</u>**

എം.ജി കോളേജിൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി.ഒലീന എ.ജി-യ്ക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ ഡയറക്ടർ തസ്തികയിൽ പരാമർശം (1) പ്രകാരം പുനർനിയമനം നൽകി ഉത്തരവായിരുന്നു.തുടർന്ന് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം ടിയാളുടെ ഡയറക്ടർ തസ്തികയിലുള്ള പുനർ നിയമന സേവന കാലാവധി ദീർഘിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

പരാമർശം (3) പ്രകാരം 31.05.2026 വരെ ഡയറക്ടർ സ്ഥാനത്ത് തുടരാമെങ്കിലും കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ ഡയറക്ടർ സ്ഥാനം താൻ രാജി വയ്ക്കുന്നതായും, തന്റെ രാജി അംഗീകരിച്ച് ഡയറക്ടറുടെ ചുമതല നിർവഹിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ സർക്കാർ തലത്തിൽ തീരുമാനിച്ച് ഉത്തരവാകണമെന്നും പരാമർശം (4) പ്രകാരം ഡയറക്ടർ ശ്രീമതി. ഒലീന എ.ജി അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ പരാമർശം (4) പ്രകാരമുള്ള അപേക്ഷ കണക്കിലെടുത്ത് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ ശ്രീമതി. ഒലീന എ.ജി യുടെ രാജി സർക്കാർ അംഗീകരിച്ചുകൊണ്ടും, പുതിയ ഡയറക്ടറെ നിയമിക്കുന്നത് വരെ ടി സ്ഥാപനത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് ഡയറക്ടറുടെ ചാർജ് നൽകിക്കൊണ്ടും ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1) ശ്രീമതി. ഒലീന.എ.ജി, ഫ്ലാറ്റ് നം.518, 5th ബ്ലോക്ക് കെ എസ് എച്ച് ബി, ഇ.എം.എസ് നഗർ, പാറ്റൂർ, തിരുവനന്തപുരം- 695035.
2) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, അക്ഷരം പേട്ട, തിരുവനന്തപുരം
3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
5) പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്
6) വിവര പൊതുജന സമ്പർക്ക വകുപ്പ് ( Web & New media)
7) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 08-06-2026 11:43:59

സെക്ഷൻ ഓഫീസർ